കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പഴയന്നൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4)1934/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020
തീയതി: 05.01.2016
ഫോൺ നം. 0487- 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പഴയന്നൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പഴയന്നൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-4, 3-8, 3-14, 3-16 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ.(പി4)1934/16 തിയ്യതി: 05.11.2016

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 31.8.16 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 1.10.16 ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 15.1.15മുതൽ തിയ്യതി 18.10.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം വരെയുള്ള പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 19583 | 1-63 |
| 19584 | 1-17 |
| 19585 | 1-29 |
| 19586 | 1-100 |
| 19587 | 1-19 |
| 19588 | 1-45 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/രേഖകൾ/വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട്/ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി

ഉൾപ്പെടുത്തിയിട്ടുണ്ട്.

## ഉള്ളടക്കം

ഭാഗം 1

**ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.**

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമപദ്ധതികൾ | 1(8) |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രികകൾ | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല | 2(1) |
| 2 | ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ല | 2(2) |
| 3 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2(3) |

| | | |
|---|---|---|
| 4 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 2(4) |
| 5 | അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നില്ല. | 2(5) |
| 6 | പെർമിറ്റ് ഫീ കുറവായി ഈടാക്കി | 2(6) |
| 7 | ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് അനുവദിച്ചിട്ടില്ല. | 2(7) |
| 8 | തൊഴിൽനികുതി അപാകതകൾ | 2(8) |
| 9 | ഡി & ഒ ലൈസൻസ് – അപാകതകൾ | 2(9) |
| 10 | ലേല കുടിശ്ശിക ഈടാക്കണം | 2(10) |

## ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം | 3(1) |
| 2 | പൊതുമരാമത്ത് മേഖല- വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല | 3(2) |
| 3 | പദ്ധതി -ലഭ്യമായ ഫണ്ട് മുഴുവനും ചെലവഴിക്കാനായില്ല | 3(3) |
| 4 | ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിലെ അപാകതകൾ | 3(4) |
| 5 | റോഡിതര സംരക്ഷണഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3(5) |
| 6 | മോണിട്ടറിങ്ങ് നടത്തുന്നില്ല | 3(6) |
| 7 | കെട്ടിടത്തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയത് – കൈപ്പറ്റ് രശീതി ലഭ്യമായില്ല. | 3(7) |
| 8 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം – അധികതുക അനുവദിച്ചു | 3(8) |
| 9 | സാമൂഹ്യ സുരക്ഷാമിഷന് നൽകിയ ധനസഹായം-വിനിയോഗ സാക്ഷ്യപത്രം | 3(9) |

| | | |
|---|---|---|
| | ലഭിച്ചിട്ടില്ല | |
| 10 | വനിതാഘടകപദ്ധതി-മുൻഗണന പ്രൊജക്ടുകൾ നടപ്പാക്കേണ്ടതാണ്. | 3(10) |
| 11 | എസ്.സി/എസ്.ടി.വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (പ്രൊ.നം.ട039/16) വാങ്ങി നൽകൽ- മാർഗ്ഗ രേഖ പാലിച്ചില്ല. | 3(11) |
| 12 | എസ്.എസ്.എ. -അധികമായി അടവാക്കിയ തുക അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടില്ല. | 3(12) |
| 13 | പട്ടികവർഗ്ഗ ഭവന നിർമ്മാണം-ലഭ്യമായ തുക വിനിയോഗിച്ചില്ല | 3(13) |
| 14 | വി.ഇ.ഒ. നിർവ്വഹണം നടത്തിയ പദ്ധതികൾ-പൊതു അപാകതകൾ | 3(14) |
| 15 | ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല | 3(15) |
| 16 | തറവിസ്തൃതി അധികരിച്ച് പൂർത്തീകരിച്ച ഭവനത്തിന് ധനസഹായം പൂർണ്ണമായി അനുവദിച്ചു | 3(16) |
| 17 | സർക്കാർ മാർഗ്ഗ രേഖക്കു വിരുദ്ധമായി പാലിയേറ്റീവ് കെയറിന് വാഹനം ഉപയോഗിച്ചതിൽ നഷ്ടം 11800/- | 3(17) |
| 18 | കംപ്യൂട്ടർ വാങ്ങൽ -സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധം | 3(18) |
| 19 | മരുന്നുകൾ മുഴുവൻ ലഭ്യമായില്ല | 3(19) |
| 20 | ഒന്നിൽ കൂടുതൽ പാലിയേറ്റീവ് നഴ്സ് ഹോണറേറിയം -പാലിയേറ്റീവ് മാർഗ്ഗ രേഖ പാലിച്ചിട്ടില്ല | 3(20) |
| 21 | ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല | 3(21) |
| 22 | സ്റ്റോക്ക് രജിസ്റ്റർ | 3(22) |
| 23 | ചക്കത്ത്കുന്ന് കോളനി സാംസ്കാരികനിലയം നിർമ്മാണം പൂർണ്ണമായില്ല | 3(23) |
| 24 | ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല | 3(24) |
| 25 | വെറ്റിനറി സർജൻ നിർവ്വഹണം | 3(25) |
| 26 | ആശ്രയ-അഗതികൾക്ക് പ്രൊജക്ടുകളിൽ മുൻഗണന നൽകുന്നില്ല | 3(26) |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3(27) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് 28.3.15 തിയ്യതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യ പത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 21.07.2016 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം

2015-16 സാമ്പത്തികവർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ അനുബന്ധം 1-ൽ ഓഡിറ്റ് സർട്ടിഫിക്കറ്റിനോടൊപ്പം ചേർത്തിട്ടുണ്ട്.

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,33,68,732 |
| വരവ് | 7,21,04,284 |
| ആകെ | 10,54,73,016 |
| ചെലവ് | 9,53,72,325 |
| നീക്കിയിരിപ്പ് | 1,01,00,691 |

## 1-5 ഫണ്ട് വിനിയോഗം(അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നിക്കിബാക്കി (RP40bപ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3802447 | 4424507+ 11474772 15899279 | 19701726 | 19701726 | ---- | ---- |
| വികസനഫണ്ട് എസ്.സി.പി. | 5602730 | 8241500+ 1600000 9841500 | 15444230 | 13178212 | 2266018 | ---- |
| വികസനഫണ്ട് ടി.എസ്.പി. | 626000 | 301000 | 927000 | 197000 | 626000 | 104000 |
| സംരക്ഷണ ഗ്രാന്റ് – റോഡ് | 1854073 | 10367608 | 12221681 | 12221681 | ----- | --- |
| സംരക്ഷണഗ്രാന്റ്- നോൺറോഡ് | 702110 | 3798935 | 4501045 | 4501045 | ---- | --- |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1614955 | 9914335 | 11529290 | 7947069 | 3582221 | ---- |
| പെർഫോമൻസ് ഗ്രാന്റ് | 5000533 | 4977280 | 9977813 | 4977280 | 5000533 | ---- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 101688591 | 161 | 82531913 | --- | 24 | 87 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 22 | 16 | 8939124 | 4972011 | 55.62 |
| കൃഷി ഓഫീസർ | 4 | 4 | 7883740 | 4697504 | 59.58 |
| വെറ്ററിനറി സർജൻ | 3 | 3 | 3949000 | 3946900 | 99.94 |
| മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം | 3 | 3 | 700000 | 633783 | 90.54 |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | 3 | 3 | 265000 | 225084 | 84.93 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 500000 | 468673 | 93.73 |
| ഹെഡ്മിസ്ട്രസ് | ---- | ---- | --- | --- | |
| അസി.എഞ്ചിനീയർ | 123 | 112 | 49338014 | 42640332 | 86.42 |
| അസി.സെക്രട്ടറി | 9 | 8 | 6041113 | 5092113 | 84.29 |
| വി.ഇ.ഒ | 9 | 5 | 18450000 | 14843050 | 80.45 |
| ഐ.സി.ഡി.എസ് | 6 | 4 | 4122600 | 3512463 | 85.20 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 1500000 | 1500000 | 100 |
| ആകെ | 185 | 161 | 101688591 | 82531913 | 81.16 |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6635881 | 4317503 | 2318378 | (_)34.93 |

| | | | | |
|---|---|---|---|---|
| നികുതിയേതര വരവുകൾ | 3135933 | 3748207 | 612274 | (+)19.52 |
| മറ്റുവരവുകൾ | 10982643 | 11626030 | 643387 | (+)5.53 |
| ആകെ | 20754457 | 19691740 | 3574039 | (+)17.22 |

# 1-8 സാമൂഹ്യ ക്ഷേമപദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം. | ക്ഷേമപദ്ധതിയുടെ പേര് | 2015-16ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാരമാർഗ്ഗം |
|---|---|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 57 | 38 | 19 | --- |
| 2 | തൊഴിൽരഹിത വേതനം | 45 | 45 | --- | --- |
| 3 | വിധവാപെൻഷൻ | 132 | 125 | 7 | --- |
| 4 | വികലാംഗപെൻഷൻ | 55 | 53 | 2 | --- |
| 5 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 14 | 14 | --- | --- |
| 6 | വാർദ്ധക്യകാല പെൻഷൻ | 452 | 432 | 30 | --- |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.16ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22396/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 22.9.16&23.9.16 | ആഗസ്റ്റ് 2016 | 1.10.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27.12.12 to 11.1.13 | 2007-08 to 2011-12 | 11.11.13 |

## 1-11 അനുബന്ധ പത്രികകൾ

1.ഓഡിറ്റ് സർട്ടിഫിക്കറ്റ്

2.ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ധനസ്രോതസ്സുകൾ കണ്ടെത്തുന്നതിൽ പഞ്ചായത്ത് താൽപര്യം പ്രകടിപ്പിക്കുന്നില്ല

കേരള പഞ്ചായത്ത് രാജ് നിയമം 200 -ാം വകുപ്പ് പ്രകാരം പഞ്ചായത്തുകൾക്ക് താഴെ പറയുന്ന നികുതികൾ ചുമത്താൻ അനുമതിയുണ്ട്.

1. വസ്തു നികുതി
2. സേവന നികുതി
3. .വിനോദനികുതി
4. പരസ്യനികുതി
5. തൊഴിൽ നികുതി

2014-15, 2015-16 എന്നീ വർഷങ്ങളിലെ ബജറ്റുകളിൽ വസ്തു നികുതി, തൊഴിൽ നികുതി, വിനോദനികുതി എന്നിവക്ക് പുറമെ പരസ്യനികുതി കൂടി പിരിച്ചെടുക്കാൻ നിർദ്ദേശമുണ്ടായിരുന്നു. എന്നാൽ ഈ രണ്ടു വർഷങ്ങളിലും പരസ്യനികുതി പിരിച്ചെടുത്തിട്ടില്ല. സേവന നികുതി പിരിച്ചെടുക്കാൻ ഈ രണ്ടു ബജറ്റിലും നിർദ്ദേശങ്ങളില്ല. പരസ്യനികുതി ഈടാക്കുന്നതിനായി തയ്യാറാക്കിയ ബൈലോക്ക് 5(72)/29.5.15 എന്ന നമ്പറിലുള്ള തീരുമാനപ്രകാരം ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടിയെടുക്കുന്ന കാര്യത്തിൽ കാലതാമസം സംഭവിച്ചിട്ടുണ്ട്.

ഇക്കാര്യം അനന്തരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-2 ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നല്കുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി മേല്പറഞ്ഞ

നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുമ്പ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്. പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 23.3.15ലും ഭരണസമിതി 28.3.15ലുമാണ് അംഗീകരിച്ചിരിക്കുന്നത്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ 26.2.2015 ലെ 3-ാം നമ്പർ തീരുമാനപ്രകാരം 2015-16ലെ ബജറ്റ് തയ്യാറാക്കുന്നതിലേക്ക് എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങളും എഴുതിവാങ്ങുന്നതിന് യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ നിർദ്ദേശം പാലിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ തക്ക ഫയലുകളൊന്നും ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് സൂക്ഷിച്ചിട്ടില്ല.

ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ ഡിമാന്റും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. ഇവ തമ്മിലുള്ള ഒരു താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം (-)/(+) | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| കെട്ടിട നികുതി | 6000000 | 5747772 | -252228 | (-)4 |
| തൊഴിൽ നികുതി | 2500000 | 1531560 | -968440 | (-)39 |
| വാടക | 1805000 | 1633044 | -171956 | (-)10 |
| ഡി&ഒ | 160000 | 89150 | -70850 | (-)44 |
| വിനോദ നികുതി | 100000 | 24992 | -75008 | (-)75 |
| പെർമിറ്റ് ഫീ | 500000 | 168364 | -331636 | (-)66 |
| ലേലം | 400000 | 378500 | -21500 | (-)5 |
| പരസ്യ നികുതി | 100000 | ---- | -100000 | (-)100 |

പട്ടികയിൽ പറഞ്ഞ താരതമ്യത്തിൽ നിന്നും ബജറ്റ് നിർദ്ദേശങ്ങൾ ഭൂരിഭാഗവും യഥാർത്ഥ ഡിമാന്റുകളിൽ നിന്നും വളരെ കൂടുതലാണെന്ന് വ്യക്തമാകുന്നു. കെട്ടിടനികുതി, വാടക, ലേലം എന്നീ ഇനങ്ങളിൽ മാത്രമാണ് യഥാർത്ഥ ഡിമാന്റും ബജറ്റ് നിർദ്ദേശവും തമ്മിൽ അന്തരം കുറവുള്ളത്.

ബജറ്റിനോടുള്ള സമീപനം ഗൗരവ പൂർണ്ണമല്ലെന്നും ബജറ്റ് പ്രക്രിയ കാര്യക്ഷമമല്ലെന്നും വ്യക്തമാണ്. ഇക്കാര്യം അനന്തരനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പഞ്ചായത്തിന് ടെണ്ടർ ഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം./പേര് | അടങ്കൽ | ടെണ്ടർ ഫോം വില | ഇ -ടെണ്ടറിൽ പങ്കെടുത്തവരുടെ എണ്ണം | തുക |
|---|---|---|---|---|---|
| 1. | 185/16-കല്ലമ്പറമ്പ് സാംസ്കാരികനിലയം പൂർത്തീകരണം | 10 ലക്ഷം | 2500 | 1 | 1x2500 =2500 |
| 2. | 117/16-ചൂലിപ്പാടം ചെക്ക്ഡാം | 5 ലക്ഷം | 1400 | 1 | 1x1400 =1400 |
| 3. | 156/16- ചക്കത്ത്കുന്ന് സാംസ്കാരികനിലയം | 2450523 | 4000 | 3 | 3x4000 =12000 |
| 4. | 208/16 (സെക്രട്ടറി) പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വൈദ്യുതീകരണം | 650000 | 1400 | 2 | 2x1400=2800 |
| ആകെ | | | | | 18700 |

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2015-16 സാമ്പത്തികവർഷം വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി കുറവായി നിർണ്ണയിച്ച് കുറവു തുകയാണ് ഈടാക്കിയിട്ടുള്ളത്. ഭരണസമിതിയുടെ 24.9.11ലെ 17(1) തീരുമാനപ്രകാരം കെട്ടിടങ്ങളുടെ ഉപയോഗക്രമമനുസരിച്ച് ഈടാക്കേണ്ട നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരം 200m$^2$ന മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടങ്ങൾക്ക് (സൂപ്പർമാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ)ചതുരശ്രമീറ്ററിന് 80/-രൂപ നിരക്ക് നിശ്ചയിച്ചിട്ടുണ്ട്.

| കെട്ടിട നം | കെട്ടിട ഉടമ | തറ വിസ്തീർണ്ണം | കെട്ടിടത്തിന്റെ തരം | ഈടാക്കേണ്ട നികുതി | ഈടാക്കിയത് | കുറവ് | | വസ്തു നികുതി നിർണ്ണയിച്ച തിയ്യതി |
|---|---|---|---|---|---|---|---|---|
| | | | | | | PT | LC | |
| XXi/744 | സുലൈമാൻ, തോപ്പിൽ | 325m$^2$ | വാണിജ്യം (ഷോപ്പിംഗ് | 325x80 = 26000 | 325x30 = 9750 | 31200-11700 | 1560-585 | 21.8.15 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | തൊടി, ,<br>പൊട്ടൻകോട് | | മാൾ) | പ്രാഥമിക<br>മേഖല<br>5mൽ<br>കൂടുതൽ വഴി<br>സൗകര്യം-20%<br>വർദ്ധനവ്-5200<br>ആകെ-31200 | പ്രാഥമിക<br>മേഖല-<br>5m ൽ<br>കൂടുതൽ വഴി<br>സൗകര്യം<br>20%<br>വർദ്ധനവ്-<br>1950<br>ആകെ-11700 | =19500 | =975 | |
| XIX/<br>1019A | വീരാൻകുട്ടി<br>സാഹിബ്,<br>തോപ്പിൽ<br>തൊടി | $295M^2$ | വാണിജ്യം | 295x80<br>= 23600<br>പ്രാഥമിക<br>മേഖല5m ൽ<br>കൂടുതൽ വഴി<br>സൗകര്യം<br>20%<br>വർദ്ധനവ്-4720.<br>ആകെ-28320 | 295x50<br>= 14750<br>പ്രാഥമിക<br>മേഖല-5mൽ<br>കൂടുതൽ വഴി<br>സൗകര്യം<br>20%<br>വർദ്ധനവ്-<br>2950<br>ആകെ-17700 | 28320-<br>17700=<br>10620 | 1416-<br>885<br>=531 | 29.9.15 |
| XII/49B | ഫാത്തിമ<br>മുതൽപേർ | $250M^2$ | വാണിജ്യം | 250x80<br>= 20000<br>പ്രാഥമിക<br>മേഖല<br>5m ൽ<br>കൂടുതൽ വഴി<br>സൗകര്യം<br>20%<br>വർദ്ധനവ്-4000<br>ആകെ-24000 | 250x50<br>= 12500<br>പ്രാഥമിക<br>മേഖല 5mൽ<br>കൂടുതൽ വഴി<br>സൗകര്യം<br>20%<br>വർദ്ധനവ്-<br>2500<br>ആകെ-15000 | 24000-<br>15000<br>=9000 | 1200-<br>750<br>=450 | 10.2.16 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| | | | | | കുറവ് | 39120 | 1956 | |

കുറവായി നിർണ്ണയിച്ച വസ്തു നികുതി ഈടാക്കി തനതുഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-5 അനധികൃത കെട്ടിട നിർമ്മാണം കണ്ടെത്തുന്നതിന് ഫീൽഡ് പരിശോധന നടത്തുന്നില്ല.

2015-16 വർഷം 55 കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമപഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് കൂട്ടിചേർക്കലുകൾ നടത്തിയതിന് റെഗുലറൈസേഷൻ ഫീ ഈടാക്കി ക്രമവത്ക്കരണം നടത്തിയതാണ് ഇതിലെ ഭൂരിഭാഗവും. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 പെർമിറ്റ് ഫീ കുറവായി ഈടാക്കി

ശ്രീ.സുനിത് റഹ്മാൻ S/o മൊയ്തു ഹാജി, റംല മൻസിൽ എന്നിവരുടെ Residential cum Mercantile കെട്ടിടത്തിന് A4-9293/15 dt. 28.12.15 നമ്പർ ആയി പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 1528.88m$^2$ തറവിസ്തീർണ്ണമുള്ള കെട്ടിടത്തിന് രസീതി നം.11505104588/28.12.15 പ്രകാരം ഈടാക്കിയ പെർമിറ്റ് ഫീ 6440/-രൂപയാണ്.പെർമിറ്റ് ഫീ കണക്കാക്കിയതിൽ കുറവു വന്നതിന്റെ വിവരം താഴെ കൊടുക്കുന്നു. അംഗീകരിച്ച പ്ലാൻ പ്രകാരം ആകെ ഷോപ്പിംഗ് കോംപ്ലക്സ് ഏരിയ1528.88 m$^2$ഉം അതിൽ റസിഡൻഷ്യൽ ഏരിയ 132.80m$^2$ഉം ആണ്.

| | | |
|---|---|---|
| ഷോപ്പിംഗ് കോംപ്ലക്സ് ഏരിയ | 1528.88-132.80 = 1396.08m$^2$ | 1396.08x5=6980.4 |
| റസിഡൻഷ്യൽ ഏരിയ | 132.80 m$^2$ | 132.8x3=398.4 |
| ആകെ | | 7378.8 |
| കുറവ് കണക്കാക്കിയത് | 7378.8-6440 | 939/- |

കുറവായി കണക്കാക്കിയതിനാൽ പെർമിറ്റ് ഫീ ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കേണ്ടതാണ്.

## 2-7 ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് അനുവദിച്ചിട്ടില്ല.

പഴയന്നൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് ചട്ടങ്ങൾ -2012) പ്രകാരം ലൈസൻസ്

അനുവദിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഡി & ഒ അപേക്ഷ ഡിമാന്റ് രജിസ്റ്റർ നം. | അപേക്ഷകന്റെ പേര് |
|---|---|---|
| 1 | 232 | ജലജ.വി, D/o വാസുദേവൻ കുമ്പളക്കോട് |
| 2 | 233 | കമലം W/o വാസുദേവൻ കുമ്പളക്കോട് |

2015-16 സാമ്പത്തിക വർഷം വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിട ഉടമകൾ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടപ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധനാവിധേയമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| കെട്ടിട നം | പേരു വിവരം | തറ വിസ്തീർണ്ണം |
|---|---|---|
| XII/177B | ചാത്തുണ്ണി, കൊട്ടേക്കാട്ടിൽ | $105m^2$ |
| XI/246A | രുഗ്മണി, വെള്ളക്കുട്ടി മുതൽപേർ | $204m^2$ |
| XX/181A | ചാക്കോജോസ് കുഴിമറ്റത്തിൽ | $79m^2$ |
| XVIII/248A | കമലം, മല്ലംപാറ | $128m^2$ |
| XVIII/248B | -do- | $110m^2$ |

## 2-8 തൊഴിൽ നികുതി അപാകതകൾ

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങളിലെ ചട്ടം 10 അനുസരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ തലവൻ പഞ്ചായത്ത് പരിധിയിലുള്ള സ്വയംതൊഴിൽ ചെയ്യുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും ഡിമാന്റ് ചെയ്യപ്പെട്ട തൊഴിൽ നികുതി ബന്ധപ്പെട്ട വ്യക്തികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അടക്കേണ്ടതുമാണ്.

2015-16 സാമ്പത്തിക വർഷം താഴെ സൂചിപ്പിക്കുന്ന സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

1.കനറാ ബാങ്ക്, എളനാട് (ഒന്നും രണ്ടും )

2.ഗ്രേറ്റ് മോട്ടോഴ്സ് & എഞ്ചിനീറിംഗ് (ഒന്നും രണ്ടും )

3.അന്നപൂർണാ സൂപ്പർ മാർക്കറ്റ് (ഒന്നും രണ്ടും )

2)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവർക്കും സ്ഥാപനങ്ങൾക്കും കേരള പഞ്ചായത്തീരാജ് ചട്ടം 3(2) മുതൽ 11 വരെ അർദ്ധവാർഷിക നിരക്കിൽ തൊഴിൽനികുതി ഈടാക്കാവുന്നതാണ്. പഴയന്നൂർ ഗ്രാമപഞ്ചായത്തിൻറെ പരിധിയിലുള്ള താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1.ഡിസ്ട്രിക്ട് കൊ-ഓപ്പറേറ്റിവ് ബാങ്ക് (IInd)

2.ക്ഷീരോത്പാദക സഹകരണ സംഘം, പഴയന്നൂർ (Ist &IInd)

3.ക്ഷീരവ്യവസായ സഹകരണസംഘം, രാമൻചെട്ടി (Ist &IInd)

4.ക്ഷീരവ്യവസായ സഹകരണസംഘം, എളനാട് (Ist &IInd)

3)പൊതു അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ 85 കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കെന്ന നിലയിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഇത്തരം കെട്ടിടങ്ങളിലെ തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽനിന്നും തൊഴിൽ നികുതി അടവാക്കുന്നതിനു വേണ്ടി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 205(ബി) പ്രകാരം നോട്ടീസ് നൽകേണ്ടതുണ്ട്. തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെയും ജീവനക്കാരുടേയും രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതും നോട്ടീസ് നൽകി ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽനികുതി ഈടാക്കി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ് 2015-16 സാമ്പത്തിക വർഷത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ 321 പേർക്ക് ഡി & ഒ ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് രാജ് വകുപ്പ് 205 പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെ പത്രിക ആവശ്യപ്പെട്ടുകൊണ്ട് സെക്രട്ടറി നോട്ടീസ് നൽകേണ്ടതാണ്. നികുതി ചുമത്താവുന്ന വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും പേര് വിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ 1996ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 5ലെ മാതൃകയിൽ തയ്യാറാക്കി കാലികമായി സൂക്ഷിക്കേണ്ടതാണ്. ഡി&ഒ ലൈസൻസ് അടക്കാൻ ബാധ്യസ്ഥരായ വ്യാപാരികളിൽ/സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതും പൊതു നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 2-9 ഡി & ഒ ലൈസൻസ് -അപാകതകൾ

പഴയന്നൂർ ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം ഡി & ഒ ലൈസൻസ് നൽകിയ താഴെ കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾക്ക് 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

| ഡിമാന്റ് രജിസ്റ്റർ നം | പേരു വിവരം | സ്ഥാപനം |
|---|---|---|
| 6 | പി.എം.അബ്ദുൾ ജയിൻ, ഒട്ടുപുര | ആസ്റ്റ് ലബോറട്ടറി |
| 7 | സാലി ബേബി, കുമ്പളക്കോട് | കൃപ ഹൈടെക്ക് ലാബ് |
| 60 | അമ്മിണി വടക്കേത്തറ | അരുൾ ക്ലിനിക്കൽ ലാബ് |
| 61 | ഉഷ, മംഗലം | -do- |
| 76 | ബെന്നി വർഗ്ഗീസ്, പഴയന്നൂർ | മാതാ ക്ലിനിക്കൽ ലാബ് |
| 77 | എൽസമ്മ ബെന്നി, നാകുഴിക്കാട്ട് | -do- |

താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മറ്റു വകുപ്പുകളിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യ പത്രം ലഭ്യമായതായി കാണുന്നില്ല

| ഡിമാന്റ് രജിസ്റ്റർ നം | പേരു വിവരം | സ്ഥാപനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|
| 39 | സലീം ഇസ്മയിൽ, കല്ലേപ്പാടം | എച്ച്.ഡി.പി.വി.സി. പൈപ്പ് നിർമ്മാണം | 1)കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ 19.10.2015 നശേഷമുള്ള അനുമതി<br>2)ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ അനുമതി |
| 66 | അബ്രഹാം ജോർജ്, എളനാട് | റബർബാന്റ് നിർമ്മാണം | 1)വ്യവസായം രജിസ്റ്റർ |

| | | | |
|---|---|---|---|
| | | | ചെയ്ത വിവരം<br>2)31.12.2015ന ശേഷമുള്ള കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ അനുമതി |
| 90 | മുഹമദ്കുട്ടി കല്ലേപ്പാടം | അൽഷിഫ മാച്ച് കമ്പനി | 1)ഫയർ & സേഫ്റ്റിയുടെ അനുമതി<br>2)കമ്പനി രജിസ്റ്റർ ചെയ്ത വിവരം<br>3) കേരള സംസ്ഥാന മലിനീകരണ ബോർഡിന്റെ അനുമതി |
| 203 | എ.ജി.മാധവൻ, നിളമെറ്റൽസ് വെള്ളപ്പാറ | ക്രഷർ യൂണിറ്റ് | അപേക്ഷകൾ ഉൾപ്പെടെ, എല്ലാ രേഖകളും |
| 285 | -do- | ക്വാറി ഗ്രാനൈറ്റ് | -do- |
| 220 | കെ.എം.അബ്ദുൾഖാദർ<br>കുമ്പളക്കോട് | | -do- |

മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ ഡി & ഒ ലൈസൻസ് അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 2-10 ലേല കുടിശ്ശിക ഈടാക്കണം

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ലേലം സംബന്ധിച്ച്, പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുക പിരിച്ചെടുക്കാൻ വേണ്ട നടപടി സ്വീകരിക്കുകയോ കരാറിൽ രേഖപ്പെടുത്തിയ പ്രകാരം നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. പിരിച്ചെടുക്കാൻ ബാക്കിയുള്ള വിവരം

| ക്രമ നം | ഇനം | ലേലം ഉറപ്പിച്ച വ്യക്തി | ഭരണ സമിതി തീരുമാനം | ലേല തുക | പഞ്ചായത്തിൽ അടച്ചത് | അടക്കാൻ ബാക്കി നിൽക്കുന്നത് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ബസ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ഫീ പിരിവ് | എ.രാജൻ, രാജ് നിവാസ്, പഴയന്നൂർ | 19.03.2015ലെ 4(9) നം തീരുമാനം | 157500 | 138900 | 18600 |
| 2 | ബസ്സ് സ്റ്റാന്റ് പിരിവ് | ബിനോജ് കഞ്ഞിക്കുഴിയിൽ | 19.03.2015ലെ 4(10) നം തീരുമാനം | 221000 | 201000 | 20000 |
| ആകെ | | | | | | 38600 |

മേൽ പറഞ്ഞ ഇനത്തിൽ ബാലൻസ് അടക്കാനുള്ള തുക ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി പ്രവർത്തനം

തൻവർഷം 12 നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിന്റെ പദ്ധതികൾ നിർവഹിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| ക്രമനം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | മേഖലാ ചുമതലകൾ | പ്രൊജക്റ്റുകളുടെ എണ്ണം | നിർവ്വഹണം നടത്തിയ പ്രൊജക്റ്റുകളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 1) കണക്കുകൾ, രേഖകൾ തയ്യാറാക്കൽ,<br>2) സേവനം മെച്ചപ്പെടുത്തൽ | 22 | 16 | 8939124 | 4972011 | 56 |
| 2 | കൃഷി ഓഫീസർ | 3) കൃഷിയും അനുബന്ധ മേഖലയും | 4 | 4 | 7883740 | 4697504 | 60 |
| 3 | വെറ്റിനററി സർജൻ | 4) മൃഗ സംരക്ഷണവും 5) ക്ഷീര വികസനവും | 3 | 3 | 3949000 | 3946000 | 99.9 |
| 4 | വി.ഇ.ഒ | 6) ചെറുകിട വ്യവസായം | --- | -- | --- | -- | -- |
| 5 | വി.ഇ.ഒ | 7) പട്ടികജാതി വികസനം | 9 | 5 | 18450000 | 14843050 | 80 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 8) പട്ടിക വർഗ്ഗ വികസനം | | | | | |
| 6 | എ.ഇ | 9) പൊതു മരാമത്ത് | 116 | 107 | 46312451 | 40237457 | 87 |
| 7 | എ.ഇ | 10) കുടിവെള്ളം<br>11)ശുചിത്വം (മാലിന്യ പരിപാലനം ഉൾപ്പടെ)<br>12) ഊർജ്ജം | 7 | 5 | 3025563 | 2402875 | 79 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 13) സാമൂഹ്യ ക്ഷേമം | 1 | 1 | 1300000 | 900000 | 69 |
| 9 | ഐ.സി. ഡി.എസ് സൂപ്പർവൈസർ | 14)സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 5 | 3 | 2822600 | 2612463 | 93 |
| 10 | മെഡിക്കൽ ഓഫീസർ | 15) ആരോഗ്യം | 3 | 3 | 700000 | 633783 | 91 |
| 11 | ഹെഡ് മാസ്റ്റർ | 16) വിദ്യാഭ്യാസം | --- | --- | --- | ---- | -- |
| 12 | അസി. സെക്രട്ടറി | 17) ദാരിദ്ര്യ ലഘൂ കരണം (പാർപ്പിടം ഉൾപ്പടെ) | 9 | 8 | 6041113 | 5092113 | 84 |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | | 1 | 1 | 1500000 | 1500000 | 100 |
| 14 | മെഡിക്കൽ ഓഫീസർ | ഹോമിയോ | 3 | 3 | 265000 | 225084 | 85 |
| 15 | മെഡിക്കൽ ഓഫീസർ | ആയുർവേദം | 2 | 2 | 500000 | 468673 | 94 |

സെക്രട്ടറി, കൃഷി ഓഫീസർ എന്നിവർ പദ്ധതി നിർവഹിക്കുന്നതിൽ പിന്നിട്ടു നിൽക്കുന്നതായി മേൽ പട്ടികയിൽ നിന്നും വ്യക്തമാകുന്നു. ഹെഡ് മാസ്റ്റർ പ്രൊജക്ടുകളൊന്നും നടപ്പാക്കിയിട്ടില്ല. വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ സെക്രട്ടറിയാണ് നടപ്പാക്കിയിരിക്കുന്നത്. മേൽ വിഷയങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 പൊതുമരാമത്ത് മേഖല- വാർഷികപദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും ചെലവഴിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് ₹ | നടപ്പാക്കിയത്/ ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 123 | 112 | 90 |
| തുക | 49338014 | 42640332 | 86 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 90% പ്രൊജക്ടുകളിൽ തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയുടെ 86% തുകയാണ് ചെലവഴിച്ചിട്ടുള്ളത്.

വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക മുഴുവനും അതാത് വർഷം തന്നെ ചെലവഴിക്കുന്നത് വികസന പ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുമെന്ന കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 പദ്ധതി -ലഭ്യമായ ഫണ്ട് മുഴുവനും ചെലവഴിക്കാനായില്ല

2015-16 വർഷത്തിൽ ലഭ്യമായ ഫണ്ടിന്റേയും നടത്തിയ ചെലവിന്റേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട് ജനറൽ | 19988826 | 19247519 | 96.29 |
| 2 | എസ് സി പി | 14952348 | 12664685 | 84.70 |
| 3 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9933252 | 7947069 | 80 |
| 4 | ലോകബാങ്ക് | 5000533 | 4977280 | 99.53 |
| 5 | ടി എസ് പി | 221000 | 197000 | 89.14 |
| 6 | കേന്ദ്രസഹായം | 600000 | 509863 | 84.97 |
| 7 | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം | 5569951 | 4501207 | 80.81 |
| 8 | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 12227021 | 12221519 | 99.95 |
| 9 | തനത് ഫണ്ട് | 24157555 | 16390537 | 67.84 |
| 10 | ബ്ലോക്ക് വിഹിതം | ----- | ----- | --- |
| 11 | ജില്ലാപഞ്ചായത്ത് വിഹിതം | 2856273 | 967734 | 33.88 |
| 12 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 1472500 | 972500 | 66 |

ലോകബാങ്ക് ധനസഹായം, റോഡ് സംരക്ഷണഗ്രാന്റ് എന്നിവ ഏകദേശം 100 ശതമാനവും ചെലവഴിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. വികസനഫണ്ട് ജനറൽ 96 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. മറ്റ് ഫണ്ടുകൾ ചെലവഴിക്കുന്നതിൽ പഞ്ചായത്ത് പൂർണ്ണമായി വിജയിച്ചിട്ടില്ല. ലഭ്യമായ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്.

## 3-4 ഗുണഭോക്തൃസമിതി രൂപീകരണം , പ്രവൃത്തി നിർവ്വഹണം എന്നിവയിലെ അപാകതകൾ

സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകൾ, സർക്കുലർ നമ്പർ 1/1559/2010/സി.ഇ/തസ്വഭവ/13.11.14 എന്നിവ പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. മാത്രമല്ല ഗുണഭോക്തൃ സമിതി മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുന്നത് സംബന്ധിച്ച് 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13ലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ഗുണഭോക്തൃസമിതി രൂപീകരണം, പ്രവൃത്തി നിർവ്വഹണം എന്നിവയിൽ ഈ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

1. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 13 (2) പ്രകാരം ഒരു പൊതുമരാമത്ത് പ്രവൃത്തി നടപ്പാക്കുന്നതുമൂലം പ്രയോജനം ലഭിക്കുന്ന പ്രദേശത്തെ ജനങ്ങളുടെ ഒരു യോഗം സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾക്ക് വിധേയമായും എല്ലാ ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കികൊണ്ടും നിർവ്വഹണ ഉദ്യോഗസ്ഥൻ വിളിച്ചുചേർക്കേണ്ടതും പ്രസ്തുത യോഗത്തിൽ പ്രസ്തുത പ്രദേശത്തെ പഞ്ചായത്തംഗം അദ്ധ്യക്ഷ്യം വഹിക്കേണ്ടതും ആ യോഗത്തിൽ വെച്ച് ഗുണഭോക്താക്ക‍ൃ സമിതിയെ തെരഞ്ഞെടുക്കേണ്ടതും അതിന് 15ൽ കവിയാതെയും 7ൽ കുറയാതെയും അംഗങ്ങളടങ്ങിയ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതും അതിൽ മൂന്നിലൊന്ന് വനിതകളായിരിക്കേണ്ടതും എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് ഒരു കൺവീനർ ഉണ്ടായിരിക്കേണ്ടതുമാണ്.

   എന്നാൽ ഇത്തരത്തിൽ യോഗം വിളിച്ചുചേർത്തതിന്റെ ഒരു രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തം വില, തിയ്യതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ലോ രശീതിയോ വേണം. സിമന്റ്, കമ്പി, ബിറ്റുമിൻ തുടങ്ങിയ സാധനങ്ങൾ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ പാടുള്ളൂ. അവ കൂടി പരിശോധിച്ചതിനു ശേഷം വേണം ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ സിമന്റ്, കമ്പി, റൂഫിംഗ് ഷീറ്റ് എന്നിവ വാങ്ങിയതിന് കേരള മൂല്യവർദ്ധിത നികുതിനിയമപ്രകാരം സ്ഥാപനങ്ങൾ നൽകേണ്ട ഫോറം 8B യിലുള്ള ക്യാഷ് ബിൽ ഹാജരാക്കാതെയാണ് ഫൈനൽ ബിൽ തുക നൽകിയിരിക്കുന്നത്.

3. പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല.

മാർഗ്ഗരേഖ ലംഘിച്ച നടത്തിയ പ്രവൃത്തികൾക്ക് ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പർ, പേര്, കൺവീനറുടെ പേര്, അളവുപുസ്തകം | ട്രഷറി ബിൽ നം., തിയതി/തുക₹ | കുറിപ്പുകൾ |
|---|---|---|---|
| 1 | എസ്. 0165/16, പഴയന്നൂർ നടപ്പാത ടൈൽ വിരിക്കലും ഗ്രിൽ സ്ഥാപിക്കലും ; ശ്രീ.അയൂബ്; 103/16 | 25/29.1.16/ ₹600000 | ഗുണഭോക്താക്കൾക്ക് നോട്ടീസ് നല്കി യോഗം വിളിച്ച ചേർത്തതിന്റെ രേഖയില്ല. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ ഒപ്പിടേണ്ട കരാറിൽ അംഗങ്ങൾ ആരും ഒപ്പുവച്ചിട്ടില്ല. സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിച്ചതിന്റെ രേഖയില്ല. മസ്റ്റർ റോളുകൾ, കൺവീനർ തയ്യാറാക്കിയ കണക്ക്, മിനിട്സ് എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 2 | എസ്. 0201/16, ആനാച്ചാൽ കുടിവെള്ളപദ്ധതി; ശ്രീമതി.ശരണ്യ; 108/15-16 | 49/25.2.16/ ₹499492 | " |
| 3 | എസ്. 0163/16, കല്ലംപറമ്പ് കമ്മ്യൂണിറ്റിഹാൾ കിച്ചൻ, ചുറ്റുമതിൽ നിർമ്മാണം; ശ്രീ.കെ.കുഞ്ഞൻക്കുട്ടി; 326/14-15 | 37/21.11.16/ ₹997595 | " മാത്രമല്ല സിമന്റ്, കമ്പി, ഇലക്ട്രിക്കൽ സാമഗ്രികൾ, ടൈൽസ്, മോട്ടോർ എന്നിവ വാങ്ങിയതിന് കണ്വീനർ ഹാജരാക്കിയ ബില്ലുകൾ ഫോറം 8B യിലുള്ളതല്ല. |

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച ചട്ടങ്ങളും സർക്കാർ നിർദ്ദേശങ്ങളും പാലിക്കേണ്ടതാണ്.

## 3-5 റോഡിതര സംരക്ഷണഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ടിന്റെ പേര് : ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പുതുക്കൽ

പ്രൊജക്ട് നമ്പർ : എസ്.0120/16

അടങ്കൽ : ₹500000 (റോഡിതര സംരക്ഷണ ഗ്രാന്റ്)

സാങ്കേതികാനുമതി: AEE/LSGD/ PZR/2.6.15; ₹500000

ചെലവഴിച്ച തുക :ട്രഷറി ബിൽ നമ്പർ 9/18.5.15;₹499877
അളവുപുസ്തകം : 314/14-15

കരാറുകാരൻ : ശ്രീ.കെ.എ.മുഹമ്മദ് ബഷീർ (എസ്റ്റിമേറ്റ് നിരക്ക്)

കരാർ : 44/22.6.15

റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗം സംബന്ധിച്ച് ജി.ഒ.(എം.എസ്) 330/2004 തസ്വഭവ തിയ്യതി 9.12.2004 പ്രകാരം സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉത്തരവിൽ പറയുന്ന പ്രകാരമുള്ള അറ്റകുറ്റപ്പണികൾക്കാണ് സംരക്ഷണഗ്രാന്റ് വിനിയോഗിക്കേണ്ടത്. മാർഗ്ഗരേഖയിലെ ഭേദഗതികൾ ജി.ഒ.(എം.എസ്) 300/2010 തസ്വഭവ തിയതി 10.12.2010 എന്ന ഉത്തരവിലൂടെയും ഏതാനും സർക്കുലറിലൂടെയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. റോഡിതര സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് നിർവ്വഹിക്കാവുന്ന പ്രവൃത്തികൾ പ്രസ്തുത ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 12-ാം പഞ്ചവത്സരപദ്ധതിയുടെ 2015-16 വാർഷികപദ്ധതിക്ക് ബാധകമായ ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13 ലെ ഖണ്ഡിക 11.13(X)(സി) പ്രകാരം റോഡിതര സംരക്ഷണഗ്രാന്റ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കാണ് ഉപയോഗിക്കേണ്ടത്. സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സംരക്ഷണഗ്രാന്റ് ഷോപ്പിംഗ് കോംപ്ലക്സ് ടൈൽ ചെയ്യുന്നതിനാണ് വിനിയോഗിച്ചിരിക്കുന്നത്.

ഈ സാഹചര്യത്തിൽ റോഡിതര സംരക്ഷണഗ്രാന്റ് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതുവരെ 499877 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 മോണിട്ടറിങ്ങ് നടത്തുന്നില്ല

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്ട് മോണിട്ടറിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിട്ടറിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്.

എന്നാൽ ഈ രീതിയിലുള്ള മോണിട്ടറിങ്ങ് 2015-16 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രൊജക്ട് നിർവ്വഹണത്തിൽ നടന്നിട്ടില്ല. മോണിട്ടറിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിട്ടറിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 3-7 കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതം അടവാക്കിയത് -കൈപ്പറ്റ് രശീതി ലഭ്യമായില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും കെട്ടിടതൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ 432389 രൂപ ഈടാക്കിയിട്ടുണ്ട്. ഓരോ പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കുന്ന തുക പ്രത്യേകം പ്രത്യേകം ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് ക്ഷേമനിധിബോർഡിലേക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. തൻവർഷം ഈടാക്കിയ 432389 രൂപക്കുള്ള മുഴുവൻ ഡിമാന്റ് ഡ്രാഫ്റ്റുകളും ക്ഷേമനിധി ബോർഡിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയതിന് ക്ഷേമനിധി ബോർഡിന്റെ രശീതി ലഭ്യമായിട്ടില്ല.

ഈ സാഹചര്യത്തിൽ ക്ഷേമനിധിബോർഡിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം- അധികതുക അനുവദിച്ചു

ജി.ഒ(എം.എസ്) 76/2012 സാ.നീ.വ തിയതി.26/12/12ലെ ഉത്തരവു പ്രകാരം 26.12.12 മുതൽ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം 20000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ജി.ഒ.(പി)339/2013 ധനം.തിയതി.12.7.13 പ്രകാരം 1.4.13മുതൽ 30000/-രൂപയാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ ഈ ഉത്തരവുകൾക്ക് നിന്നും വിരുദ്ധമായി മുൻവർഷങ്ങളിൽ നടന്ന വിവാഹങ്ങൾക്കും 30000/- രൂപ അനുവദിച്ചതായി കാണുന്നു.

പേയ്മെന്റ് വൗച്ചർ 51501530/29.3.16 പ്രകാരം 22 ഗുണഭോക്താക്കൾക്ക് 30000/-രൂപ വീതം 660000/- രൂപ പിൻവലിച്ച് വിതരണം നടത്തിയതിൽ അധികതുക അനുവദിച്ചവരുടെ വിവരം താഴെ കൊടുക്കുന്നു.

| അപേക്ഷക | അപേക്ഷ തീയതി | വിവാഹ തീയതി | വിവാഹ സർട്ടിഫിക്കറ്റ് നം | ഡിഡിനം/ തീയതി | അനുവദിച്ച തുക | അനുവദി ക്കേണ്ടത് | അധികം |
|---|---|---|---|---|---|---|---|
| റുക്കിയ, കുളക്കുന്നത്ത് | 22.11.11 | 23.10.11 | 156/23.10.11 (മുസ്ലിം ജമാഅത്ത് കമ്മറ്റി, കല്ലേപ്പാടം)1 | 655231/7.4.16 | 30000 | 10000 | 20000 |
| റുക്കിയ, കുളക്കുന്നത്ത് | --- | 13.12.09 | 127/18.12.09 (മുസ്ലിം ജമാഅത്ത് കമ്മറ്റി, കല്ലേപ്പാടം)1 | 655234/7.4.16 | 30000 | 10000 | 20000 |
| ഫാത്തിമ, പുത്തൻ | 4.4.09 | 1.3.09 | ----ചേലക്കോട് ജുമാ മസ്ജിദ് | 655235/7.4.16 | 30000 | 10000 | 20000 |

| | | | | | | | |
|---|---|---|---|---|---|---|---|
| പീടികയിൽ | | | കമ്മറ്റി | | | | |
| സുമേഷ്, S/oകൊച്ചു ദേവകിയമ്മ (late) | 3.4.10 | 11.4.10 | 6203/14 dt 24.3.16 | 655236/ 7.4.16 | 30000 | 10000 | 20000 |
| | | | | | 120000 | 40000 | 80000 |

അധികമായി അനുവദിച്ച തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 സാമൂഹ്യ സുരക്ഷാമിഷന് നൽകിയ ധനസഹായം- വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ സാമൂഹ്യ സുരക്ഷാമിഷന് ധനസഹായം (പ്രൊജക്ട് നം.5/16)ഇനത്തിൽ 200000/-രൂപ സാമൂഹ്യസുരക്ഷാമിഷന് ഡിഡി.നം.650393/4.8.15 പ്രകാരം അനുവദിച്ചിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം നാളിതു വരെ ലഭിച്ചിട്ടില്ല. ആയത് ഹാജരാക്കുന്നതുവരെ ചെലവുതുക 200000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 വനിതാഘടകപദ്ധതി-മുൻഗണന പ്രൊജക്ടുകൾ നടപ്പാക്കേണ്ടതാണ്.

സ്ത്രീകളുടെ സാമൂഹ്യ-സാമ്പത്തിക പദവി ഉയർത്തുന്നതിനായി ഒരു വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടപ്പിലാക്കേണ്ടതാണെന്നും ഇതിനായി വികസന ഫണ്ടിൽനിന്നും 10% തുക വനിതാ ഘടക പദ്ധതിക്ക് നീക്കിവയ്ക്കേണ്ടതാണെന്നും പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്കൂളുകളിൽ പെൺകുട്ടികൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കുക, സ്ത്രീകൾ ധാരാളമായി എത്തുന്ന ഓഫീസുകളിലും പൊതു സ്ഥലങ്ങളിലും സ്ത്രീകൾക്കു മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കുക, സ്ത്രീകളുടെ തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളുമാണ് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. സ്ത്രീക്കും പുരുഷനും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമ്മാണം, കക്കൂസ് നിർമ്മാണം മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല. എന്നാൽ പ്രായപൂർത്തിയായ ഒരു പുരുഷനും അംഗമായി ഇല്ലാത്തതും, സ്ത്രീ കുടുംബനാഥയായിട്ടുള്ളതുമായ കുടുംബത്തിലെ സ്ത്രീകൾക്ക് വീട്, കക്കൂസ്, കുടിവെള്ളം എന്നിവ ലഭ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിവാഹധനസഹായം പ്രൊജക്ടാണ് നടപ്പാക്കിയിരിക്കുന്നത്. ആകെ അടങ്കൽ തുകയായി 25ലക്ഷം വകയിരുത്തിയ മേൽ പ്രൊജക്ടിന്റെ ആകെ ചെലവ് 20,50,000/-രൂപയാണ്. ഇത്തരത്തിലുള്ള പ്രൊജക്ടിനോടൊപ്പംതന്നെ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പ്രൊജക്ടുകൾക്ക് മുൻഗണന നൽകി ആയവ നടപ്പിലാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-11 എസ്.സി/എസ്.ടിവിദ്യാർത്ഥികൾക്ക്

## ഫർണിച്ചർ(പ്രൊ.നം.s039/16) വാങ്ങി നൽകൽ- മാർഗ്ഗ രേഖ പാലിച്ചില്ല.

നിർവ്വഹണം-അസി.സെക്രട്ടറി

ചെലവ്വതുക-600000/-

മേൽ പ്രൊജക്ടിന്റെ ഭാഗമായി 150 വിദ്യാർത്ഥികൾക്ക് മേശയും കസേരയും മെറ്റൽ ഇൻഡസ്ട്രീസ്. ഷൊർണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട്.(ഡിഡി.നം.650634/ 25.8.15-400000/-. 651217/30.9.15-200000/- ആകെ-600000/-).

1)ജി.ഒ.(എം.എസ്.362/13 ത.സ്വ.ഭ.വ തിയതി.16.11.13 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.8(3) പ്രകാരം പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങിനൽകുന്നതിന് 4000/- രൂപ ചെലവഴിക്കാവുന്നതാണ്.

ആയതനുസരിച്ച് നടപ്പിലാക്കിയ ഈ പദ്ധതിയിൽ മേൽനിർദ്ദേശത്തിനു വിരുദ്ധമായി വിദ്യാർത്ഥികൾക്ക് പ്ലാസ്റ്റിക് കസേരകളാണ് വാങ്ങി നൽകിയിരിക്കുന്നത്. (plastic moulded chair with arms).

| ഇൻവോയ്സ് നം | എണ്ണം | തുക(ഒരെണ്ണത്തിന് 542/-+14.5%vat) |
|---|---|---|
| MIL/TR024/15-16dt 18.8.15 | 100 | 54200+7859=62059 |
| MIL/TR031/15-16dt 18.8.15 | 50 | 27100+3929=31029 |
| | | 93088/- |
| Freight charge | 150x19 | 2850/- |
| ആകെ | | 95938/- |

2)പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശത്തിനു വിരുദ്ധമായും, പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചിട്ടുണ്ടോ എന്നത് പരിശോധനാവിധേയമാക്കാതെയും പദ്ധതി നടപ്പാക്കിയതിനാൽ മേൽ രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക 600000/- തടസ്സപ്പെടുത്തുന്നു.

## 3-12 എസ്.എസ്.എ -അധികമായി അടവാക്കിയ തുക അഡ്ജസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

പഴയന്നൂർ ഗ്രാമപഞ്ചായത്തിന് വേണ്ടി എസ്.എസ്.എ. സമർപ്പിച്ച പ്ലാൻ & ബജറ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് അടവാക്കേണ്ട എസ്.എസ്.എ. വിഹിതം 522929/-രൂപ ആയിരുന്നു. ആയതിൽ ഡിഡി.നം.652358/29.12.15പ്രകാരം 500000/- രൂപ എസ്.എസ്.എയ്ക്ക് കൈമാറിയിരുന്നു. എന്നാൽ

സ്ഥാപനം സമർപ്പിച്ച ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം ഗ്രാമപഞ്ചായത്തിൽ എസ്.എസ്.എ. പ്രവർത്തനങ്ങൾക്ക വേണ്ടി ആകെ ചെലവായ തുക 993542/- രൂപയാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് നൽകേണ്ട വിഹിതം 347740/-രൂപയാണ് (993542x35%). അധികമായി അടവാക്കിയ 152260/-രൂപ വരുംവർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 പട്ടികവർഗ്ഗ ഭവന നിർമ്മാണം-ലഭ്യമായ തുക വിനിയോഗിച്ചില്ല

2015-16 സാമ്പത്തിക വർഷം പട്ടികവർഗ്ഗ ഭവനനിർമ്മാണത്തിനായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഡിഡി നം.652184/18.12.15 പ്രകാരം 104000/-രൂപ ഗ്രാമപഞ്ചായത്തിന് അനുവദിച്ചിട്ടുണ്ട്. ജി.ഒ(എം.എസ്)362/13ത.സ്വ.ഭ.വ തിയതി 16.11.13 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 11.13ൽ ക്രമനം viii പ്രകാരം സംയുക്ത പ്രൊജക്ടുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഈ നടപടിക്രമങ്ങൾ പാലിക്കാതെ ബ്ലോക്ക് പഞ്ചായത്ത് പട്ടികവർഗ്ഗ വിഭാഗത്തിനായി പ്രൊജക്ട് തയ്യാറാക്കിയിട്ടില്ലാത്ത പഴയന്നൂർ ഗ്രാമപഞ്ചായത്തിന് തുക കൈമാറുകയും സ്ഥാപനം ആയത് തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയുമാണ്. പ്രൊജക്ട് തയ്യാറാക്കി ലഭ്യമായ തുക വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-14 വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികൾ-പൊതു അപാകതകൾ

15-16 സാമ്പത്തികവർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ഭവനനിർമ്മാണം പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1)30.9.2015നു നടന്ന ഭരണസമിതി യോഗത്തിന്റെ തീരുമാനം 2(2) പ്രകാരമാണ് ഭവനനിർമ്മാണം (ജനറൽ) പ്രൊജക്ടിന്റെ 75ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് ആയത് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകുന്നതിനും തീരുമാനിച്ചിട്ടുള്ളത്. എന്നാൽ ആയതിനു മുമ്പെ തന്നെ (ട്രഷറി ചെക്ക് നം .1674304/15.9.15 ) 55 ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുകയായി തനതു ഫണ്ട് വിഹിതമായ 1100000/-രൂപ നിർവ്വഹണോദ്യോഗസ്ഥന് കൈമാറുകയും ആയത് ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത പരിശോധിക്കാതെയാണ് തുക കൈമാറിയതെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു.

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)363/13ത.സ്വ.ഭ.വ തിയതി.16.11.13 പ്രകാരം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1)ഗുണഭോക്താവിന് വാസയോഗ്യമായ വീടില്ല എന്ന് നിശ്ചിത പ്രൊഫോർമയിൽ വിവരശേഖരണം നടത്തി നിർവ്വഹണോദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

2)കെട്ടിടത്തിന്റെ തറവിസ്തീർണ്ണം $30m^2$നും $60m^2$നും ഇടയിലായിരിക്കണം. ആയത് വ്യക്തമാക്കുന്നതിന് കെട്ടിടനിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് അനുവദിച്ച NOCസമർപ്പിച്ചിട്ടില്ല.

3)കുറഞ്ഞത് 12വർഷം പഴക്കമുള്ള വീടുകൾക്കു മാത്രമേ പുതിയ ഭവനത്തിന് അർഹതയുള്ളൂ. ആയത് പരിശോധിക്കുന്നതിന് നിലവിലുള്ള കെട്ടിടത്തിന്റെ കാലപഴക്കം തെളിയിക്കുന്ന സാക്ഷ്യപത്രങ്ങൾ സമർപ്പിച്ചിട്ടില്ല.

ഓരോ ഗുണഭോക്താവിന്റെയും ഇപ്പോൾ താമസിക്കുന്ന വീടിനു മുന്നിൽ നിൽക്കുന്ന ഫോട്ടോ, ഓരോ ഗഡു ധനസഹായം അനുവദിക്കുമ്പോഴും പ്രസ്തുത സ്റ്റേജിന്റെ ഫോട്ടോ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്താക്കൾ തുക കൈപ്പറ്റിയത് രേഖപ്പെടുത്തുന്ന രജിസ്റ്ററും ബാങ്ക് സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ട്രഷറി ചെക്ക് നം.1674311/21.10.15 പ്രകാരം തനതുഫണ്ടിൽ നിന്നും അനുവദിച്ച 1960000/- രൂപയിൽ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ ജയശ്രീ, ശാന്തമ്മ എന്നവർക്ക് 20000/-രൂപ വീതം ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവരുടെ പേര് ഗുണഭോക്താക്കളുടെ രജിസ്റ്ററിൽ ചേർത്തിട്ടില്ല. മേൽപ്പറഞ്ഞവർ തുക തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
2. ട്രഷറി ചെക്ക് നം. 1263220/23.3.16 പ്രകാരം തനതുഫണ്ടിൽ നിന്നും അനുവദിച്ച 12,20,000/-രൂപയുടെ വിതരണ സ്റ്റേറ്റ്മെന്റിൽ പാറുകുട്ടി, W/o കുട്ടിരാമൻ, കിഴക്കേക്കര എന്നവരുടെ അക്കൗണ്ടിലേക്ക് 40000/-രൂപ വീതം (a/c No.67344290156) രണ്ടു പ്രാവശ്യം ട്രാൻസ്ഫർ ചെയ്തു നൽകിയിട്ടുണ്ട്. അവർ ആകെ കൈപ്പറ്റിയ തുക 2,20,000/- രൂപയാണ്. അധിക തുക തിരിച്ചടച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.
3. രജിസ്റ്ററിൽ തുക കൈപ്പറ്റിയത് രേഖപ്പെടുത്തിയിട്ടില്ല

| ഗുണഭോക്താവ് | അക്കൗണ്ട് നം | ട്രാൻസ്ഫർ ചെയ്ത തുക | ട്രഷറി ചെക്ക് നം/തുക |
|---|---|---|---|
| അംബിക, പാലക്കപ്പറമ്പ് | 67338736879 | 20000 | 1263216 dt 17.3.16 തുക-7,60,000/- |
| രാധിക രമേഷ്, എലവന്തറ | 67332366563 | 20000 | 1263220 dt 23.3.16 തുക-12,20,000/- |
| രതി സേതുമാധവൻ, | 67333117301 | 40000 | 1263220 dt 23.3.16 തുക-12,20,000/- |
| മോഹനൻ നാരായണൻ, കൊടവംപാടം | 67332993800 | 20000 | 1263220 dt 23.3.16 തുക-12,20,000/- |

4)ട്രാൻസ്ഫർ ചെയ്ത തുകയിൽ നിന്നും വ്യത്യസ്തമായി കൈപ്പറ്റ് രേഖപ്പെടുത്തി

| ഗുണഭോക്താവ് | ട്രഷറി ചെക്ക് | ട്രാൻസ്ഫർ | രജിസ്റ്ററിൽ | വ്യത്യാസം |
|---|---|---|---|---|

| | നം/തുക | ചെയ്ത തുക | രേഖപ്പെടുത്തിയ തുക | |
|---|---|---|---|---|
| ശ്രീധരൻ, കോട്ടംകുന്നത്ത് 67337862851 | 1263220 dt 23.3.16 തുക-12,20000/- | 40000 | 20000 | (+)20000 |
| ശ്രീധരൻ, കോട്ടംകുന്നത്ത് 67337862851 | 6/26.2.16 തുക- 13,80000 | 20000 | 40000 | (-)20000 |
| രാധികരമേഷ്, എലവന്തറ 67332366563 | 6/26.2.16 തുക-13,80000 | 20000 | 40000 | 20000 |

5)കൈപ്പറ്റ് കുറവായി രേഖപ്പെടുത്തി ട്രഷറി ചെക്ക് നം.1263220 dt 23.3.16 പ്രകാരം 12,20,000/-രൂപ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിൽ സുരേഷ് കുമാർ S/o പൊന്നൻ, കടുന്നക്കര എന്നവരുടെ അക്കൗണ്ടിലേക്ക് (No.67332471931)30000/-രൂപ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ കൈപ്പറ്റിയതായി രേഖപ്പെടുത്തിയിരിക്കുന്നത് 20,000/-രൂപയാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ വികസനഫണ്ട് ഏറ്റവും കൂടുതൽ ചെലവഴിക്കുന്ന നിർവ്വഹണോദ്യോഗസ്ഥൻ എന്ന നിലയിൽ രജിസ്റ്ററുകളും രേഖകളും അലക്ഷ്യമായി കൈകാര്യം ചെയ്യുന്ന രീതി ഒഴിവാക്കേണ്ടതാണ്.

## 3-15 ആദ്യഗഡു കൈപ്പറ്റി തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

2015-16സാമ്പത്തികവർഷം ഭവനനിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതു വരെ തുടർപ്രവർത്തനങ്ങൾ നടത്തി ബാക്കി തുക കൈപ്പറ്റിയിട്ടില്ല.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തിയ്യതി | ഡിഡി നം/അക്കൗണ്ട് നം |
|---|---|---|---|
| ശോഭന ശങ്കരനാരായണൻ | 20000 | 22.9.15 | 650901/22.9.15 |
| പുഷ്പ ഭാസ്കരൻ | 40000 | 27.2.16 | A/c no.67315340115 |

ഭവനനിർമ്മാണത്തിനായി തുടർ പ്രവർത്തനങ്ങൾ സ്വീകരിക്കാത്ത പക്ഷം അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-16 തറവിസ്തൃതി അധികരിച്ച് പൂർത്തീകരിച്ച ഭവനത്തിന് ധനസഹായം പൂർണ്ണമായി അനുവദിച്ചു

2015-16 സാമ്പത്തികവർഷം ഭവനനിർമ്മാണ ധനസഹായം അനുവദിച്ച കെ.കെ.രാധാകൃഷ്ണൻ, കമ്പൂരപ്പറമ്പ് എന്നവർ ഭവനനിർമ്മാണം പൂർത്തിയാക്കി അവസാന ഗഡു 27.2.16ൽ കൈപ്പറ്റിയിട്ടുണ്ട്. ആയതിന്റെ വസ്തു നികുതി 5/4/16ൽ നിർണ്ണയിച്ച് iii/159Aഎന്ന കെട്ടിടനമ്പർ നൽകിയിട്ടുണ്ട്.

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 94$M^2$ ആണ്. സർക്കാർ ധനസഹായത്തോടെ നിർമ്മിക്കാവുന്ന വീടിന്റെ തറവിസ്തീർണ്ണം 30$m^2$നും 60$m^2$നും ഇടയിലായിരിക്കണം [ജി.ഒ (എം.എസ്) 362/13 തിയതി 16.11.13]. സർക്കാർ ഉത്തരവുകൾക്കു വിധേയമായി 66$m^2$ തറവിസ്തീർണ്ണത്തിൽ 25% വർദ്ധനവ് വരുത്തിയാൽ പോലും പ്രസ്തുത കെട്ടിടത്തിന്റെ തറവിസ്തൃതി വളരെ കൂടുതലാണെന്നു കാണുന്നു. ഗുണഭോക്താവിന് ഓരോ ഗഡു അനുവദിക്കുമ്പോഴും കെട്ടിടത്തിന്റെ തറവിസ്തീർണ്ണം പരിശോധനാ വിധേയമാക്കിയിട്ടില്ലെന്ന് വ്യക്തമാകുന്നു. സർക്കാർ മാർഗ്ഗ നിർദ്ദേശത്തിനു വിരുദ്ധമായി തറവിസ്തീർണ്ണം അധികരിച്ച് പണി പൂർത്തീകരിച്ച വീടിന് ധനസഹായം മുഴുവൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അനുവദിച്ച ധനസഹായത്തിന്റെ വിവരം താഴെ കൊടുക്കുന്നു.

ഡിഡി.നം. 650900/22.9.15-20,000/-
ഡിഡി.നം. 651574/30.10.15-40,000/-

ഡിഡി.നം. 652052/5.12.15-40,000/-
ഡിഡി.നം. 652903/1.1.16-40,000/-
അക്കൗണ്ട് ട്രാൻസ്ഫർ
14.1.16-40,000/-
27.2.16-20,000/-
ആകെ-2,00,000/-
തൃപ്തികരമായ വിശദീകരണത്തിന്റെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## **3-17** സർക്കാർ മാർഗ്ഗ രേഖക്കു വിരുദ്ധമായി പാലിയേറ്റീവ് കെയറിന് വാഹനം ഉപയോഗിച്ചതിൽ നഷ്ടം **9,800/-**

പ്രൊജക്ട് അടങ്കൽ : 6,00,000/-

പ്രൊജക്ട് ചെലവു തുക : 5,33,783/-

പ്രൊജക്ടിന്റെ പേര് : സാന്ത്വന പരിചരണം

2015ലെ പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം (ജി.ഒ (ആർ.ടി) 3217/15/LSGD/29.10.15 പ്രകാരം ക്വട്ടേഷൻ ക്ഷണിച്ച് വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ വാഹനത്തിന് നൽകാവുന്ന പരമാവധി ദിവസ വാടക 1100 രൂപ മാത്രമാണ്. ഗതാഗത വകുപ്പ് അംഗീകരിച്ച നിരക്കാണെങ്കിൽ 1500 സിസിയിൽ താഴെയുള്ള മോട്ടോർ വാഹനത്തിന് കിലോമീറ്ററിന് 12/- (അല്ലാത്തത് 15/-) രൂപയുമാണ്. 2015-16 വർഷം ഒരു ഹോം കെയറിന് 1300 രൂപ വീതമാണ് KL 48F-365 എന്ന വാഹനം പാലിയേറ്റീവ് പരിചരണത്തിനായി ഓടിയയിനത്തിൽ (ഡ്രൈവർ - കുമാരൻ) പ്രതിദിനം വാഹന വാടക നൽകിയിരിക്കുന്നത്. ട്രിപ്പ് ഷീറ്റിൽ വാഹനം ഓടിയ ദൂരം വ്യക്തമല്ല. പാലിയേറ്റീവ് പരിചരണത്തിനായി വാഹനം വാടകക്കെടുക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമനം | ബിൽ നം/ തിയ്യതി | ഓടിയ ദിനങ്ങൾ/ മാസങ്ങൾ | നൽകിയ തുക | നൽകേണ്ടത് | വ്യത്യാസം | ഡിഡി നം /തിയ്യതി |
|---|---|---|---|---|---|---|
| 1 | 8/2015-16/ 22.12.2016 ബിൽ തുക - 74016/- | 11 ദിവസം നവംബർ | 14300(11x1300) | 12100 | 2200 | 652251/22.12.2015 |
| 2 | 9/2015-16/ 20.01.2016 ബിൽ തുക - 54300/- | 10 ദിവസം ഡിസംബർ | 13000 (10 x1300) | 11000 | 2000 | 652735/ 20.01.2016 |
| 3 | 10/2015-16/ 20.02.2016 ബിൽ തുക - 48550/- | 9 ദിവസം ജനുവരി | 11700(9x 1300) | 9900 | 1800 | 653466/ 20.02.2016 |
| 4 | 12/2015-16/ 17.03.2016 ബിൽ തുക - 113460/- | 10 ദിവസം ഫെബ്രുവരി | 13000 (10 x1300) | 11000 | 2000 | 654186/ 17.03.2016 |
| 5 | 14/2015-16/ 28.03.2016 ബിൽ തുക - 48269/- | 9ദിവസം മാർച്ച് | 11700(9x 1300) | 9900 | 1800 | 653848/ 28.03.2016 |
| | | | | | 9800 | |

വാഹന വാടക ഇനത്തിൽ അധികം നൽകിയ 9800 രൂപ ബന്ധപ്പെട്ട വ്യക്തികളിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-18 കംപ്യൂട്ടർ വാങ്ങൽ -സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധം

പ്രൊജക്ട് : കംപ്യൂട്ടർ വാങ്ങൽ

പ്രൊജക്ട് അടങ്കൽ :1,00,000/-

പ്രൊജക്ട് നം :64/2015-16

പ്രൊജക്റ്റ് ചെലവ് തുക : 68,673/-

നിർവ്വഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, ആയുർവ്വേദം

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ കംപ്യൂട്ടർ വാങ്ങൽ പ്രൊജക്റ്റ് നടത്തിപ്പിനായി പഞ്ചായത്ത് തനതു ഫണ്ടിൽ നിന്ന് ചെക്ക്നം. 1263215/16.03.2016 പ്രകാരം 68673/- രൂപ കൈപ്പറ്റിയിട്ടുണ്ട്. ടി തുക ഡി.ഡി. നം. 654603/21.03.2016 പ്രകാരം SIDCO മാർക്കറ്റിംങ്ങ് സെന്റർ, ഒല്ലൂർ-ന് നൽകിയിട്ടുണ്ട്. അതു പ്രകാരം താഴെ സൂചിപ്പിക്കുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം | ഇൻവോയ്സ് നം | വാങ്ങിയ സാധനങ്ങൾ | നൽകിയ തുക |
|---|---|---|---|
| 1 | SMC/OLR/15-16/0496,09.03.2016 | പ്രീലാമിനേറ്റഡ് കംപ്യൂട്ടർ ടേബിൾ | 5620 |
| 2 | SMC/OLR/15-16/0497,09.03.2016 | Acer പേഴ്സണൽ കംപ്യൂട്ടർ, പ്രിന്റർ | 55190 |
| 3 | SMC/OLR/15-16/10498,09.03.2016 | യു.പി.എസ് | 7863 |
| ആകെ | | | 68673 |

സർക്കാർ ഉത്തരവ് (സാധാരണ) നം. 1832/12/ lsgd, 03.07.2012 എന്നിവ പ്രകാരമുള്ള കംപ്യൂട്ടർ വാങ്ങൽ മാർഗ്ഗനിർദേശമനുസരിച്ച് DGS&D റേറ്റ് കോൺട്രാക്ടിനേക്കാൾ കുറഞ്ഞ നിരക്കിൽ കെൽട്രോണിൽ നിന്ന് വാങ്ങാമെന്നതാണ്. സർക്കാർ മാർഗ്ഗരേഖക്ക് വിരുദ്ധമായി SIDCO യിൽ നിന്ന് കംപ്യൂട്ടർ വാങ്ങിയ നടപടി ശരിയല്ല. ഭാവിയിൽ നടത്തുന്ന കംപ്യൂട്ടർ വാങ്ങലുകളിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-19 മരുന്നുകൾ മുഴുവൻ ലഭ്യമായില്ല

പ്രൊജക്റ്റ് : പാലിയേറ്റീവ് പരിചരണം

പ്രാജക്റ്റ് നം : 42/2015-16

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ പാലിയേറ്റീവ് പരിചരണം പ്രൊജക്റ്റ് നടത്തിപ്പിനായി കാരുണ്യ മെഡിസിൻ ഡിപ്പോട്ട്, KMCL ഡ്രഗ്ഗ് വെയർഹൗസ്, തേവള്ളി, കൊല്ലം -ത്തിന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ബിൽ നം. /തിയ്യതി | ഡി.ഡി.നം | നൽകിയ തുക | ലഭ്യമായത് | ബാലൻസുള്ളത് |
|---|---|---|---|---|---|
| 1 | 8/2015-16,22.12.2015 | 652253/ 22.12.2015 | 24832 | 19387 | 5445 |
| 2 | 12/2015-16,17.03.2016 | 654187/ 18.03.2016 | 55000 | 31562 | 23438 |

| ആകെ | 28883 |
|---|---|

ലഭ്യമായിട്ടില്ലാത്ത മരുന്നുകൾ എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ വേണ്ട നടപടികൾ നിർവഹണ ഉദ്യോഗസ്ഥർ എടുക്കേണ്ടതാണ്.

## 3-20 ഒന്നിൽ കൂടുതൽ പാലിയേറ്റീവ് നഴ്സ് ഹോണറേറിയം -പാലിയേറ്റീവ് മാർഗ്ഗ രേഖ പാലിച്ചിട്ടില്ല

പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ 2 ഹോംകെയർ സംവിധാനം പ്രവർത്തിക്കുന്നുണ്ട്. 2015-16 സാമ്പത്തിക വർഷം നവംബർ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിൽ രണ്ടാമതൊരു ഹോംകെയർ ടീം രൂപികരിച്ച് പ്രവർത്തനം തുടങ്ങുകയും പാലിയേറ്റീവ് നഴ്സിനു 10000 രൂപ വീതം 5 മാസത്തേക്കു നൽകിയിട്ടുണ്ട്.

2015ലെ പാലിയേറ്റീവ് പരിചരണം മാർഗ്ഗരേഖയനുസരിച്ച് ഒരു ഹോംകെയർ ടീമിന് 16 ദിവസങ്ങളിൽ കൂടുതൽ ഗൃഹപരിചരണം നടത്തേണ്ടി വരുന്ന സാഹചര്യത്തിൽ പുതിയ ഹോംകെയർ ടീമിനെ ഏർപ്പെടുത്താവുന്നതാണ്. പുതിയ ഹോംകെയർ ടീമിന് 16 ദിവസങ്ങൾ ആവശ്യമായി വരുന്നതുവരെ ദിവസ വേതന അടിസ്ഥാനത്തിൽ മാത്രമേ പാലീയേറ്റീവ് നഴ്സിനു സേവനം ആ ഹോം കെയർ ടീമിനുവേണ്ടി ഉപയോഗപ്പെടുത്താവൂ. ഒന്നിലധികം ഹോംകെയർ ടീമുകൾ രൂപീകരിച്ചാൽ ഓരോ ടീമും ഗൃഹ സന്ദർശനം നടത്തേണ്ട വീടുകൾ ഏതൊക്കെയെന്ന് പി.എം.സി. തീരുമാനിക്കുകയും ഓരോ ഹോംകെയർ ടീമിനുവേണ്ടി ഓരോ ഫോളോ അപ്പ് ഹോം കെയർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇക്കാര്യങ്ങൾ ഇവിടെ പാലിച്ചിട്ടില്ല. ഒരു മാസത്തിൽ 9, 10, 11 എന്നിങ്ങനെ ഹോംകെയറുകൾ മാത്രമാണ് ഓരോ ടീമും നടത്തുന്നത്. നിലവിലുള്ള ഹോംകെയർ ടീമുകൾ 16 ദിനം അധികരിക്കുമ്പോൾ പുതിയ ഹോംകെയർ രൂപികരിക്കുകയും പുതിയ ഹോംകെയർ ടീമിന് 16 ദിവസം ആവശ്യമായി വരുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ പാലിയേറ്റീവ് നഴ്സിനു വേതനം നൽകാനും പാലീയേറ്റീവ് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-21 ക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല

നിർവ്വഹണോദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) എന്നിവർ ഗ്രാമപഞ്ചായത്തിൽ നിന്ന് അലോട്ട്മെന്റ് മുഖേന ലഭ്യമാകുന്ന ഫണ്ടുകളും തനതുഫണ്ടും രേഖപ്പെടുത്തുന്നതിന് TR-7A മാതൃകയിൽ കാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. മെഡിക്കൽ ഓഫീസർ ആയുർവ്വേദം സൂക്ഷിച്ചിരിക്കുന്നത് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ആണ്. ഇതിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നുള്ള വരവ് വിവരം മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ചെലവു വിവരം രേഖപ്പെടത്തിയിട്ടില്ല. ഡിപ്പാർട്ട്മെന്റ് മുഖേന ലഭ്യമാകുന്ന ഫണ്ടുകളും ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാകുന്ന ഫണ്ടിന്റെയും വരവ് ചെലവ് വിവരം TR-7A കാഷ്ബുക്കിൽ രേഖപ്പെടുത്തണമെന്ന് ജി.ഒ.പി177/2006/ധനം, തീയതി 12.4.2006 പ്രകാരം വ്യക്തമാക്കിയിട്ടുള്ളതാണ്. കൂടാതെ തദ്ദേശ സ്ഥാപനത്തിൽനിന്നും ലഭിക്കുന്ന ഫണ്ടിന്റെ വിവരം രേഖപ്പെടുത്തുന്നതിന് സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

## 3-22 സ്റ്റോക്ക് രജിസ്റ്റർ

പഴയന്നൂർ ഗ്രാമ പഞ്ചായത്തിലെ നിർവഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർ (ആയുർവേദം), മെഡിക്കൽ ഓഫീസർ (ഹോമിയോ), വെറ്ററിനറി സർജൻ എന്നിവർ നടപ്പിലാക്കിയ

പ്രൊജക്ടുകളിൽ കംപ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. എന്നാൽ ഈ ആസ്തികൾ സ്റ്റോക്കിലെടുത്തുകാണുന്നില്ല. സർക്കുലർ നം. 86/2010/ഫിൻ തിയതി 24-9-2010 പ്രകാരം ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവയ്ക്കായി നിശ്ചിത മാതൃകയിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. മേൽ സർക്കാർ നിർദ്ദേശം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-23 ചക്കത്ത്കുന്ന് കോളനി സാംസ്കാരികനിലയം നിർമ്മാണം പൂർണ്ണമായില്ല

ചക്കത്ത്കുന്ന് കോളനിയിൽ സ്ഥലം വാങ്ങി സാംസ്കാരിക നിലയം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രൊജക്ട് നമ്പർ 156/16 പ്രകാരം 2015-16ൽ 30 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പട്ടികജാതി വികസനഫണ്ടിൽ നിന്നും 6 ലക്ഷം രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 24 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ നിന്നും തൻവർഷം ഭൂമി വാങ്ങുന്നതിനായി 513527 രൂപ ചെലവഴിച്ചിട്ടുണ്ട്. പിന്നീട് ചെലവൊന്നും ഉണ്ടായിട്ടില്ല. ജില്ലാപഞ്ചായത്ത് വിഹിതമായി ഇതിനകം ലഭിച്ച 16 ലക്ഷം രൂപ ജി.ഒ.(പി) 419/2015 /ഫിൻ/19.9.15ന്റെ അടിസ്ഥാനത്തിൽ പൊതുവിഭാഗം വികസനഫണ്ടിലേക്ക് മാറ്റുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പകരം ഫണ്ട് അനുവദിച്ചുകിട്ടിയിട്ടുമില്ല.

പ്രൊജക്ട് പൂർത്തിയാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല

തൻവർഷം നിർമ്മാണം പൂർത്തിയായ താഴെ പറയുന്ന കെട്ടിടങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. മാത്രമല്ല ചക്കത്ത്കുന്ന് സാംസ്കാരിക നിലയം നിർമ്മിക്കാൻ വാങ്ങിയ ഭൂമിയും ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

| പ്രൊജക്ടിന്റെ നമ്പർ | പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക |
|---|---|---|
| 118/16,<br>161/16 | മുല്ലക്കൽ കോളനി സാംസ്കാരിക നിലയം നിർമ്മാണം,പൂർത്തീകരണം | ട്രഷറി ബിൽ നം.<br>73/19.3.16; 3,50,000/-<br>ട്രഷറി ബിൽ നം.15/17.9.15;<br>4,99,081/- |
| 158/16,<br>163/16 | കല്ലുംപറമ്പ് പട്ടികജാതി കോളനി സാംസ്കാരിക നിലയം | 1,50,000/- (2013-14)<br>5,43,747/- (2014-15)<br>ട്രഷറി ബിൽ |

| | | |
|---|---|---|
| | | നം.<br>40/29.1.16; 4,54,207/-<br>ട്രഷറി ബിൽ നം.<br>37/21.11.16; 9,97,595/- |
| 162/16 | 171-ാം നമ്പർ അംഗൻവാടി നിർമ്മാണം | ട്രഷറി ബിൽ നം.63/19.3.16;<br>12,00,000/- |
| 156/16 | ചക്കത്ത്കുന്ന് കോളനി സാംസ്കാരിക നിലയം സ്ഥലം വാങ്ങൽ | സെക്രട്ടറിയുടെ ട്രഷറി ബിൽ നം.1/22.7.15;<br>5,13,527/- |

പഞ്ചായത്തിന്റെ ആസ്തികൾ മുഴുവൻ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-25 വെറ്ററിനറി സർജൻ -നിർവഹണം

പ്രൊജക്റ്റ് നം:176/2015-16
പ്രൊജക്റ്റ്: മരുന്നുവാങ്ങൽ
പ്രൊജക്റ്റ് ചെലവ് തുക : 99,000/-

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മരുന്നുവാങ്ങൽ പ്രൊജക്റ്റിൽ വിഷ്ണു മെഡിക്കൽസ് എന്ന സ്ഥാപനത്തിന് ഡി.ഡി.നം. 654011/15.03.2016 പ്രകാരം 99,000/- കൈമാറിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിലും സ്റ്റോക്കിലെടുത്തവിവരം ലഭ്യമല്ല. താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) മരുന്നു സ്റ്റോക്കിലെടുത്ത വിവരം ആയത് വിതരണം ചെയ്ത വിവരം എന്നിവ ലഭ്യമായിട്ടില്ല.
2) ജില്ലാ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.
മേൽ വിവരം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതുവരെ ഓഡിറ്റ് പരാമർശം നിലനിൽക്കുന്നു

## 3-26 ആശ്രയ-അഗതികൾക്ക് പ്രൊജക്ടുകളിൽ മുൻഗണന നൽകുന്നില്ല

പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ ആശ്രയ ഒന്നാംഘട്ടം,രണ്ടാംഘട്ടം എന്നിവ കൂടാതെ എസ്.ടി.വിഭാഗത്തിൽ ഉൾപ്പെട്ട
അഗതി കുടുംബങ്ങൾക്കായി ആശ്രയ എസ്.ടി പ്രൊജക്റ്റിനും സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആശ്രയയിൽ ഉൾപ്പെട്ട

അഗതി കുടുംബങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | ആശ്രയ ഒന്നാംഘട്ടം | ആശ്രയ രണ്ടാംഘട്ടം | ആശ്രയ എസ്.ടി.വിഭാഗം |
|---|---|---|---|
| ആകെ ഗുണഭോക്താക്കൾ | 151 | 99 | 67 |
| വീട്ടു വെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 8 | 7 | 6 |
| സ്ഥലം ലഭിച്ചവർ | 6 | ---- | 1 |
| വീട് ആവശ്യമുള്ളവർ | 34 | 22 | 8 |
| വീട് ലഭിച്ചവർ | 27 | 7 | --- |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 55 | 69 | 56 |
| റിപ്പയർ ലഭിച്ചവർ | 35 | ----- | --- |
| കക്കൂസ് ആവശ്യമുള്ളവർ | 57 | 10 | 18 |
| കക്കൂസ് ലഭിച്ചവർ | ---- | --- | --- |
| കറന്റ് ആവശ്യമുള്ളവർ(വയറിംഗ്) | 43 | 4 | 2 |
| കറന്റ് ലഭിച്ചവർ | --- | --- | --- |
| കുടിവെള്ളം ആവശ്യമുള്ളവർ | 103 | 16 | 1 |
| കുടിവെള്ളം ലഭിച്ചവർ | ---- | --- | ---- |
| സ്വയം തൊഴിൽ ആവശ്യമുള്ളവർ | 9 | 10 | 3 |
| ലഭിച്ചവർ | --- | ---- | --- |
| പെൻഷൻ | 86 | ---- | --- |
| ലഭിച്ചവർ | --- | ---- | --- |

ജി.ഒ.(എം.എസ്) 362/13ത.സ്വ.ഭ.വതിയതി.16.11.13 പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി വാങ്ങി നൽകാൻ പാടുള്ളൂ. (ഖണ്ഡിക 6.7(1)). കൂടാതെ ഖണ്ഡിക 6.8 പ്രകാരം ഭവനരഹിതരും വീട്ടു വെയ്ക്കാൻ ഭൂമിയുള്ളവരുമായ അഗതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണ ധനസഹായം നൽകിയതിനു ശേഷം മാത്രമേ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ധനസഹായം നൽകാൻ പാടുള്ളൂ. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രൊജക്ടുകൾ നടപ്പാക്കുന്നത്. വി.ഇ.ഒ 2015-16 സാമ്പത്തികവർഷം നടപ്പാക്കിയ ഭവനനിർമ്മാണ പ്രൊജക്ടിൽ 75 കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ആശ്രയയിൽ ഉൾപ്പെട്ട ഭവനരഹിതരായ 30കുടുംബങ്ങൾ ഉണ്ടായിരുന്നിട്ടും ആയതിലെ ഒരു കുടുംബത്തിനും ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടില്ല. ആശ്രയ രണ്ടാം ഘട്ടം പ്ലാൻഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു. (അക്കൗണ്ട് നം-7198, പഴയന്നൂർ സർവ്വീസ് സഹകരണ ബാങ്ക്)

| വർഷം | ലഭിച്ച തുക | വിനിയോഗിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|
| 2014-15 | 20,00,000 | 12,20,000 | 7,80,000 |
| 2015-16 | --- | 1,60,000 | 6,20,000 |
| 2016-17 (ഓഡിറ്റ് തീയതി വരെ ലഭിച്ചത്) | 9,13,050 | 10,000 | 15,23,050 |
| ആകെ | 29,13,050 | 13,90,000 | 15,23,050 |

ആശ്രയ-എസ്.ടി(അക്കൗണ്ട്നം.7199/പഴയന്നൂർ സർവ്വീസ് സഹകരണ ബാങ്ക്)

| വർഷം | ലഭിച്ച തുക | ചെലവ് തുക | നീക്കിയിരിപ്പ് |
|---|---|---|---|
| 2014-15 | 4,78,000 | 1,50,000 | 3,28,000 |
| 2015-16 | 1,79,000 | ---- | 5,07,000 |
| 2016-17 | 1,97,000 | ---- | 7,04,000 |

ആശ്രയയിൽ ഉൾപ്പെട്ട അഗതികളുടെ ആവശ്യങ്ങൾ പുനപരിശോധിക്കേണ്ടതും വിലയിരുത്തൽ സമിതി, മോണിറ്ററിംഗ് സമിതി എന്നിവ നിർബന്ധമായും ആയവ പരിശോധിച്ച് അർഹരായവർക്ക് യഥാസമയം ആനുകൂല്യങ്ങൾ ലഭ്യമാകുന്ന എന്നുറപ്പു വരുത്തേണ്ടതുമാണ്. ആശ്രയ അഗതി പുനരധിവാസത്തിനായി വകയിരുത്തുന്ന തുക അക്കൗണ്ടിൽ മുതനിക്ഷേപമായി തുടരുന്ന അവസ്ഥ ഒഴിവാക്കേണ്ടതും, ആയത് ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം തുക തിരികെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്. `

## 3-27 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| | | |
|---|---|---|
| 1 | 2015-16 വർഷത്തെ മൊത്തം അടങ്കൽ | 211000000 |
| 2 | 2015-16 വർഷത്തെ മുൻ ബാക്കി | 0 |
| 3 | 2015-16 വർഷത്തെ ആകെ വരവ് | 542720 |
| 4 | 2015-16 വർഷത്തെ ആകെ ചെലവ് | 542720 |
| 5 | 2015-16 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 0 |
| 6 | 2015-16 വർഷത്തിൽ വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 1594 |
| 7 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 313 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ | 5551 |

| | | |
|---|---|---|
| | തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | |
| 9 | 2015-16 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 167852 |
| 10 | 2015-16 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 3539 |
| 11 | 2015-16 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 100 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2015-16 വർഷത്തിൽ വിതരണം ചെയ്ത വേതനം | 30599960 |
| 13 | 2015-16 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | - |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 25 | 2324330 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 1 | 1640 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 39 | 2908790 |
| 4 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 24 | 3969450 |
| 5 | ഭൂവികസനം | - | 5040 |
| 6 | മറ്റുള്ളവ<br>IAY, SC, BPL, etc<br>Renovation<br>Rural connectivity<br>Rural sanitation | 224 | 21390710 |
| | ആകെ | | 30599960 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 104000 | പട്ടികവർഗ്ഗ ഭവനനിർമ്മാണം | ---- | 104000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21500898/21.10.15 | 21000 | 21000 | പൂർത്തീകരിച്ചു | --- |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | ഇലക്ട്രിസിറ്റി പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21501338/5.3.16 | 7147 | 7147 | പൂർത്തീകരിച്ചു | --- |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4(1) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിക്കാനവശേഷിക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിയത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-4(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ്. ഭവനപദ്ധതി | 800/2010/ lsgd/9.3.10 | 10862500 | 3060925 | 1086250 | 99230 | 1974675 |

## 4-5 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിരനിക്ഷേപം | 426937 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 139736 |
| ആകെ | 566673 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ---- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 566673 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 6272/- രൂപ ഈടാക്കിയിട്ടുണ്ട്. വാർഷിക കണക്കിൽ 5672/-രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ഓഡിറ്റ് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീതി നം | തിയ്യതി |
|---|---|---|---|---|---|
| 2013-14 | 2-4 | 450 | രമ ദേവദത്തൻ | 11505102614 to 11502102620 | 22.8.2015 |
| | | 89 | ഷീല നീളംപിള്ളി | 11505101830 | 7.7.2015 |
| | | 138 | നബീസു. | 11505102462 | 13.8.2015 |
| | | 1110 | അബ്ദുൾ റഹ്മാൻ | 11505102200 to 11505102203 | 28.7.2015 |
| | | 1973 | സി.ചന്ദ്രൻ | 11505101880 to 115021882 | 9.7.2015 |
| | | 676 | വിദർഭ | 11505101786 to 11505101787 | 3.7.2015 |
| 2013-14 | 2-2 | 1836 | കെ.സി.ജോൺ, കുറ്റിക്കാട്ട് | 115051999 | 16.7.2015 |
| ആകെ | | 6272/- | | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2013-14 | പ്രവർത്തനാവലോകന റിപ്പോർട്ട്-ജലസ്രോതസ്സുകൾ, കുടിവെള്ള പദ്ധതികൾ<br>എൽ.എഫ്.ടി.എസ്.1-174/14/ 30.1.14 | 2013-14 | 5.1.54 | പ്രവർത്തനക്ഷമമല്ലാത്ത പൊതു കിണറുകൾ സംബന്ധിച്ച് |
| | | 2013-14 | 5.1.11 | പാറക്കുളം കുടിവെള്ള പദ്ധതി-സാധ്യതാ പഠനം നടത്താതെ കുഴൽകിണർ നിർമ്മിച്ചു |
| | | 2013-14 | 5.1.5.13 | 15 കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടില്ല |

# 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ചതിന്റെ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിച്ച വിവരം | ചാറ്റേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിന്റെ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | പി.എച്ച്.സി പഴയന്നൂർ | 26.7.2007 | 09-10 | 09.04.10 | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല | ---- |
| 2 | ഗവ.ആയുർവേദ ആശുപത്രി, പഴയന്നൂർ | 16.11.94 | നാളിതു വരെ സമർപ്പിച്ചിട്ടില്ല | | | | | |

| | | | |
|---|---|---|---|
| 3 | ഗവ.ഹോമിയോ ഡിസ്പെൻസറി | 15.6.16 | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72104284 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95372325 |
| വരവിനങ്ങളിലുള്ള നഷ്ടം | 78659 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 89800 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1499877 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-4 | 30120 | ശ്രീ.പി.വി.ഷാബു, സെക്രട്ടറി |
| | 9000 | ശ്രീ.എം.എ.ജയ്.അസി.സെക്രട്ടറി. (സെക്രട്ടറി ഇൻ ചാർജ്) |
| 2-6 | 939 | ശ്രീ.പി.വി.ഷാബു., സെക്രട്ടറി |
| 2-10 | 38600 | ,, |
| 3-8 | 80000 | ശ്രീ.എം.എ.ജയ്.അസി.സെക്രട്ടറി. (സെക്രട്ടറി ഇൻ ചാർജ്) |
| 3-17 | 9800 | ശ്രീമതി.ലക്ഷ്മി മോഹൻ<br>മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

ഇല്ല

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 499877 | കെ.ഹരികൃഷ്ണൻ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 200000 | ശ്രീ.പി.വി.ഷാബു<br>സെക്രട്ടറി |
| 3-11 | 600000 | ശ്രീ.എം.എ.ജയ്<br>അസി.സെക്രട്ടറി |
| 3-16 | 200000 | ശ്രീ.വി.ഗോപാലകൃഷ്ണൻ. വി.ഇ.ഒ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ലൈബ്രറി സെസ് ഇനത്തിൽ കേരള സംസ്ഥാന ലൈബ്രറി കൗൺസിലിനുണ്ടായ നഷ്ടം-1956/-രൂപ

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക-3-14

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.വി.ഷാബു, സെക്രട്ടറി | സെക്രട്ടറി, മതിലകം ഗ്രാമപഞ്ചായത്ത് | പുത്തൂർ ഹൗസ്,കാളമുറി<br>കയ്പമംഗലം, തൃശ്ശൂർ |
| ശ്രീ.എം.എ.ജയ്.<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>പഴയന്നൂർ ഗ്രാമപഞ്ചായത്ത് | മുളയംകുടത്ത് ഹൗസ്, ഉത്രാടം,കുറുമല, ചേലക്കര.തൃശ്ശൂർ |
| ഡോ.ലക്ഷ്മി മോഹൻ, മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം | മെഡിക്കൽഓഫീസർ, പി.എച്ച്.സി. പള്ളിപ്പുറം,ആലപ്പുഴ | ആതിര. ഗവ.ഹോസ്പിറ്റൽ റോഡ്<br>ചേർത്തല.പി.ഒ.,ആലപ്പുഴ |

# 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികളുടെ വിവരം

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏററവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 77-78 | എൽ.എഫ്.ടി.എസ്.2-906/11 /18.7.11 |
| 80-81 | ടി |
| 81-82 | ടി |

| | |
|---|---|
| 82-83 | ടി |
| 83-84 | ടി |
| 84-85 | ടി |
| 86-87& 87-88 | ടി |
| 88-89 | ടി |
| 89-90 | ടി |
| 99-00 മുതൽ 01-02 വരെ (പ്ലാൻ) | എൽ.എഫ്.ടി.10/1079/2003.തീ.9.4.04 /14.9.04 |
| 90-91 മുതൽ 95-96 വരെ | എൽ.എഫ്.ടി.പി.10/304/2008.തീ.9.7.09 |
| 96-97 ചെലവ് | എൽ.എഫ്.ടി.പി-4/185തീ.13.3.14/5.4.14 |
| 97-98 ചെലവ് | |
| 97-98 വരവ് | |
| 98-99 വരവ് | |
| 98-99 ചെലവ് | |
| 99-2000, 2000-2001 ( ജനകീയാ സൂത്രണം | |
| 99-2000 | |
| 2000-2001 | |
| 2001-02 | |
| 98-99 | എൽ.എഫ്.ടി.പി.10-307/08 തീ.14.7.09 |
| 99-2000 | എൽ.എഫ്.ടി.പി.10-308/08 തീ.14.7.09 |

| | |
|---|---|
| 2000-2001 | എൽ.എഫ്.ടി.പി.10-309/08 തീ.14.7.09 |
| 2001-2002 | എൽ.എഫ്.ടി.പി.10-740/08 തീ.14.7.09 |
| 2002-2003 | എൽ.എഫ്.ടി.പി.10-1265/08 തീ.7.9.09 |
| 2003-2004 | എൽ.എഫ്.ടി.പി.10-1266/08 തീ.7.9.09 |
| 2004-05 | എൽ.എഫ്.ടി.പി.10-195/09 തീ.25.6.10 |
| 2005-06 | എൽ.എഫ്.ടി.പി.10-1348/09 തീ.28.7.10 |
| 2006-2007 | എൽ.എഫ്.ടി.പി.10-1336/09 തി.29.7.10/10.12.10 |
| 2007-08 | എൽ.എഫ്.ടി.പി.-4.956/12 തി.2.8.12/5/11/12 |
| 2008-2009 | എൽ.എഫ്.ടി.പി.4-957/12 തി.2.8.12/5/11/12 |
| 2009-2010 | എൽ.എഫ്.ടി.പി.4.958/12 തി.2.8.12/5/11/12 |
| 2010-2011 | എൽ.എഫ്.ടി.പി.4.959/12 തി.2.8.12/ 5/11/12 |
| 2011-12 | എൽ.എഫ്.ടി.പി.4.1151/13 തി.4.12.13/5.2.14 |
| 2012-13 | എൽ.എഫ്.ടി.പി.4.631/14 തി.8.10.14/8.12.14 |
| 2013-14 | നം. എൽ.എഫ്.ടി. (പി4)186/15 തി, 7-5-2015 |
| 2014-15 | നം.കെ.എസ്.എ.ടി.എസ്.ആർ/ പി4/996/ 16,25.06.2016 |

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി4 )1934/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ: 680 020

തിയ്യതി: 05.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

2015-16 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ
1. നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

No.KSA-TSR(P4)1934/16

Kerala State Audit Department,

District Audit Office, Thrissur

PIN 680 020 Dated: 05.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Pazhayannur Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Pazhayannur Grama Panchayath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Defects noticed in the AFS for the year 2015-16

1. Assets and liabilities of the panchayat till date is not entered in the AFS after evaluation.

## അനുബന്ധം-2

## ഓഡിറ്റ് നടത്തിയതിന്റെ വിവരം നിർവ്വഹണാധികാരികൾ എന്നിവ സംബന്ധിച്ച പത്രിക

| | |
|---|---|
| സ്ഥാപനം: . | പഴയന്നൂർ ഗ്രാമപഞ്ചായത്ത് |

| | |
|---|---|
| വിസ്തീർണ്ണം: | 59.03ച.കീമി |
| ജനസംഖ്യ | 40256 |
| വാർഡുകളുടെ എണ്ണം | 22 |
| ആകെ ജീവനക്കാരുടെ എണ്ണം | 30 |
| സ്ഥിരം | 12 |
| താൽക്കാലികം | 11 |
| കരാറടിസ്ഥാനത്തിൽ | 7 |
| ആകെ | 30 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | സാബു.പി.എസ് | ഓഡിറ്റ് ഓഫീസർ |
| 2 | കെ.എം.ഷാജിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | രാജിഷ.ആർ | ഓഡിറ്റർ |
| 4 | ജിജീഷ്.എ.കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| 1)ശ്രീ.പി.കെ .മുരളീധരൻ | 1.4.15 മുതൽ 30.10.15 വരെ |
| 2)ഭരണനിർവ്വഹണ കമ്മറ്റി (സെക്രട്ടറി, കൃഷിഓഫീസർ, ഐ.സി.ഡി.എസ് സൂപ്പർവൈസർ) | 31.10.15 മുതൽ 18.11.15 വരെ |
| 3)ശ്രീമതി.ശോഭനരാജൻ | 19.11.15മുതൽ 31.3.16വരെ |

സെക്രട്ടറി

| | |
|---|---|
| 1)ശ്രീ.എൻ.എം.ഷെരീഫ് | 1.4.15 മുതൽ 31.7.15വരെ (സെക്രട്ടറി ഇൻ ചാർജ്) |
| 2)ശ്രീ.പി.വി.ഷാബു | 1.8.15 മുതൽ 16.1.16 വരെ |
| 3)ശ്രീ.എം.എ.ജയ് | 17.1.16മുതൽ 31.3.16വരെ (സെക്രട്ടറി ഇൻ ചാർജ്) |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എൻ.എം.ഷെരീഫ് | 01.04.15മുതൽ 17.8.15 വരെ |
| | ശ്രീ.എം.എ.ജയ് | 18.8.15മുതൽ 31.3.16വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ. | ഡോ.സിനി ഇഗ്നേഷ്യസ് | 01.04.15മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആശമോൾ.പി.പി | 01.04.15മുതൽ 31.03.16 വരെ |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ, പഴയന്നൂർ | ശ്രീമതി.പങ്കജം.യു. | 01.04.15മുതൽ 31.03.16 വരെ |
| വെറ്റിനറി സർജൻ | ഡോ.പ്രദീപ്.വി.എം | 01.04.15മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദം | ഡോ.രഞ്ജിത് നമ്പൂതിരി | 01.04.15മുതൽ 3.01.16 വരെ |
| | ഡോ.മഞ്ജുഷമോഹൻ | 4.1.16മുതൽ 31.3.16വരെ |
| വി.ഇ.ഒ | ശ്രീ.വി.ഗോപാലകൃഷ്ണൻ | 01.04.15മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി .രത്ന കുമാരി.ടി.കെ | 1.4.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.ലക്ഷ്മി മോഹൻ | 01.04.15മുതൽ 31.3.16വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീ.കെ.ഹരികൃഷ്ണൻ | 01.04.15മുതൽ 31.03.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.നാൻസി.കെ.വർഗ്ഗീസ് | 01.04.15മുതൽ 31.03.16 വരെ |